കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ഷോളയൂർ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16സാമ്പത്തിക വർഷം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി24/226/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 28.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഷോളയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഷോളയൂർ ഗ്രാമപഞ്ചായത്ത് - 2015 – 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി24/226/2017 തീയതി – 28.01.2017

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2015 -16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 31.7.2016 മുതൽ 28.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29-11-2016മുതൽ 8-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബിജുആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശിവപ്രസാദ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | മുരുകൻ | 1-4-2015മുതൽ 31-10-2015വരെ |
| | രത്തിന രാമമൂർത്തി | 1-11-2015 മുതൽ 31-3-2016വരെ |
| | വി.ആർ .ഭാസ്കരൻ | 1-4-2015മുതൽ 23-7-2015വരെ |
| സെക്രട്ടറി | ചന്ദ്രലാൽ . വി.സി. | 24-7-2015മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ഹരികൃഷ്ണൻ | 1-4-2015മുതൽ 10-8-2015വരെ |
| | ചന്ദ്രൻ .കെ. | 11-8-2015മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ശ്യാം | 1-4-2015മുതൽ8-7-2015വരെ |
| | ഡോ.ഷാനവാസ് | 9-7-2015 മുതൽ 2-2-2016 വരെ |
| | ഡോ.മരിയ | 3-2-2016 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | അജി പുന്നൻ | 1-4-2015മുതൽ15-12-2015വരെ |
| | സിന്ധു മോൾ | 16-12-2015മുതൽ 20-1-2016വരെ |
| | അനീഷ കെ.എസ്. | 21-1-2016മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | മണികണ്ഠൻ | 1-4-2015മുതൽ 31-1-2016വരെ |
| | | 1-2-2016മുതൽ 31-3-2016വരെ |
| വെറ്റിനറി സർജൻ | ആർ രാമസ്വാമി | 1-4-2015മുതൽ 29-12-2015വരെ |
| | മറിയ ലൂക്കോസ് | 30-12-2016മുതൽ 31-3-2016വരെ |
| അസി. സെക്രട്ടറി | മിഥുൻ കൈലാസ് | |
| | വിനോദ് കുമാർ | 1-4-2015മുതൽ 31-3-2016വരെ |
| കൃഷി ഓഫീസർ | സി.ഡി.സന്തോഷ് | 1-4-2015മുതൽ 31-3-2016വരെ |
| ICDS സൂപ്പർവൈസർ | അന്നപൂർണി .കെ. | 1-4-2015മുതൽ 31-3-2016വരെ |
| ഹെഡ് മാസ്റ്റർ | വിനോദ് | 1-4-2015മുതൽ 3-6-2015വരെ |
| | എം.ഈശ്വരൻ (ചാർജ്) | 3-6-2015 മുതൽ 15-6-2015 വരെ |

| | | |
|---|---|---|
| | വിജയകുമാർ | 15-6-2015 മുതൽ 31-3-2016വരെ |
| വി.ഇ.ഒ (കതലകണ്ടി സർക്കിൾ) | ശരവണൻ | 1-4-2015മുതൽ 31-3-2016വരെ |
| വി.ഇ.ഒ (മട്ടത്തുകാട്, കോട്ടമല സർക്കിൾ) | സാബു | 1-4-2015മുതൽ 9-9-2015 വരെ |
| | റീജ | 10-9-2015 മുതൽ 15-2-2016 വരെ |
| | രഞ്ജിത് | 16-2-2016 മുതൽ 31-3-2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരമാന നം. |
|---|---|---|
| 2015-16 | 25-3-2015 | 1 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 31-7-2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.- ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 71555457.72 |
| വരവ് | 53858437 |
| ആകെ | 125413894.72 |
| ചെലവ് | 113594348 |

| | |
|---|---|
| നീക്കിയിരിപ്പ് | 11819546.72 |

1-5 ഫണ്ട് വിനിയോഗം- 2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12440908 | 29411065(TC) | 41851973 | 23078807+<br>18773166(TC) | 0 |
| വികസനഫണ്ട് എസ്.സി.പി. | 2721613 | 976152 | 3697765 | 976152+<br>2721613(TC) | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 21235732 | 19389392 | 40625124 | 23388219+<br>17236905(TC) | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 4185700 | 0 | 4185700 | 1505988+<br>2679712 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 7041762 | 0 | | 8313441 | (-)1271681 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12642241 | 21104778 | 33747019 | 16173737+<br>17573282(TC) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 665906 | 641575 | 1307481 | 665906+<br>641575(TC) | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 27392 | 752685 | 780077 | 777332 | 2745 |
| ബി.ഫണ്ട് | 0 | 58600 | 58600 | 58600 | 0 |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 207 | 128579058 | 163 | 75243171 | 44 | 79% |

1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 1681888 | 1602366 | 79522 | 4 |
| നികുതിയേതര വരവുകൾ | 567851 | 106867 | (-)460984 | (-)81 |
| മറ്റുവരവുകൾ | - | 78860 | 78860 | 100 |
| ആകെ | 2249739 | 1788093 | (-)302602 | (-)13 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (-)13ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 66000 | 16 |
| വിധവാപെൻഷൻ | 4391200 | 820 |
| വാർദ്ധക്യകാലപെൻഷൻ | 5712600 | 1637 |
| വികലാംഗപെൻഷൻ | 593400 | 122 |
| അവിവാഹിത പെൻഷൻ | 7200 | 1 |
| തൊഴിൽ രഹിത വേതനം | 2880 | 2 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3065/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ സെക്ഷനുകളിൽ പേഴ്സണൽ റജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. അറ്റൻഡൻസ് റജിസ്റ്ററിൽ ചില കോളങ്ങൾ ഒപ്പുകൾ രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു. പഞ്ചായത്തിൽ ജീവനക്കാരുടെ ഇൻക്യുബൻസി റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ സ്ഥലം മാറിപ്പോയതും റിട്ടയർ ചെയ്തതുമായ ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമകുന്നില്ല.

മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എം. ബുക്കുകളുടെ സ്റ്റോക്ക്

റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനൊപ്പം സോഷ്യൽ മാപ്പ് സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.9.2016 | 1.8.2016 to 31.8.2016 | 23.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.2014 to 13.5.2014 | 2009-10 to 2013-14 | 15.7.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബാങ്ക്അക്കൗണ്ടുകൾ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരളാപഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ-ചട്ടം 6(5) അനുസരിച്ച് ,പഞ്ചായത്തിന്റ വിവിധ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക്ബുക്കിലെ നീക്കിയിരിപ്പും അവയുടെ ബാങ്ക്/ട്രഷറി പാസ് ബുക്കിലെ നീക്കിയിരിപ്പും തമ്മിൽ മാസാന്ത്യത്തിലും,വർഷാന്ത്യത്തിലും പൊരുത്തപ്പെടുത്തൽ നടത്തി,പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്തിന്റ തനതു ഫണ്ടു സൂക്ഷിക്കുന്ന കാനറബാങ്ക് അക്കൌണ്ട് (7324) 2015-16 വർഷത്തിലോ തുടർന്നോ സാംഖ്യയിൽ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6) മറുപടിയായി സാഖ്യ ബാങ്ക് ബുക്കിൽ തെറ്റായി നടത്തിയ ഒരു രേഖപ്പെടുത്തൽ പരിഹരിക്കരിക്കാത്തതിനാലാണ് ഇതിന് കഴിയാത്തതെന്നും,തെറ്റ് തിരുത്തിയതിന് ശേഷം സാംഖ്യയിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ആയത് എത്രയും വേഗം പരിഹരിച്ച് അക്കൌണ്ടുകൾ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തനതു വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിൽകൂടുതൽ ബാങ്ക് അക്കൌണ്ടുകൾ നിയമാനുസൃതമല്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26-5-2011 ലെ സർക്കുലർ നം.58725/FM3/2008 പ്രകാരം ഗ്രാമ പഞ്ചായത്ത് തനതു വരുമാനം ട്രഷറി അക്കൌണ്ടിനു പുറമെ ഒരു ദേശസാത്കൃത

ബാങ്ക് അക്കൌണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൌണ്ടിലോ മാത്രമേ നിക്ഷേപിക്കാവൂ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ചുവടെ ചേർക്കുന്ന അക്കൌണ്ടുകളിലായി തനതു വരുമാനം സൂക്ഷിച്ചിട്ടുണ്ട്.

| ക്രമ നം. | ബാങ്ക് | അക്കൌണ്ട് നമ്പർ |
|---|---|---|
| 1 | കാനറബാങ്ക് | 7324 |
| 2 | കാനറബാങ്ക് | 5430 |
| 3 | കാനറബാങ്ക് | 5531 |
| 4 | എസ്.ബി.ഐ | 0821 |

തനത്ഫണ്ട് ഒന്നിൽ കൂടുതൽ അക്കൌണ്ടുകളിലായി നിക്ഷേപിക്കുന്നത് നിയമാനുസൃതമല്ല. തനതു വരുമാനം ട്രഷറി അക്കൌണ്ടിനു പുറമെ ഒരു ദേശസാത്കൃത ബാങ്ക് അക്കൌണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൌണ്ടിലോ മാത്രം നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2015-16വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

*ക്ഷീരോത്പാദനസഹകരണസംഘം,കോട്ടത്തറ (ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിലേത്)

*പോസ്റ്റ്ഓഫീസ് കോട്ടത്തറ (ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിലേത്)

*ആരിയാസ് പോളിടെക്നിക്ക് കോളേജ്,മട്ടത്തുക്കാട് (രണ്ടാം അർദ്ധവർഷം)

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി ഈടാക്കിയത് കുറവ്

ഷോളയൂർ പോലീസ് സ്റ്റേഷനിലെ ജീവനക്കാരിൽ നിന്നും ചുവടെ ചേർക്കുന്ന പ്രകാരം തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.(രശീതി നം.11501100602 തി.18.8.2015)

| ക്രമ നം. | ജീവനക്കാരൻ/cpo നം. | ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽനികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കുമാരൻ-5802 | 128736 | 1250 | 1000 | 250 |
| 2 | സഞ്ജുമോൻ-5838 | 128736 | 1250 | 1000 | 250 |
| 3 | രാജേഷ്.എം-5857 | 130236 | 1250 | 1000 | 250 |
| 4 | ഷംനാസ് ഇസ്മായിൽ-5859 | 128736 | 1250 | 1000 | 250 |
| 5 | രാമു-5897 | 128736 | 1250 | 1000 | 250 |
| 6 | ശരവണൻ-5918 | 128736 | 1250 | 1000 | 250 |
| 7 | ഗോപകുമാർ-5964 | 128736 | 1250 | 1000 | 250 |
| 8 | മനീഷ് മണി-5982 | 128736 | 1250 | 1000 | 250 |
| 9 | കൃഷ്ണൻ-6050 | 128736 | 1250 | 1000 | 250 |
| 10 | ഷിജു-6076 | 129486 | 1250 | 1000 | 250 |
| 11 | പ്രവീൺ-6098 | 125496 | 1250 | 1000 | 250 |
| 12 | രാജേഷ്-6102 | 130236 | 1250 | 1000 | 250 |
| 13 | ജയപ്രകാശൻ-6103 | 129486 | 1250 | 1000 | 250 |
| 14 | ശിവദാസൻ-6105 | 128736 | 1250 | 1000 | 250 |
| 15 | സുനിൽജോൺ6124 | 128736 | 1250 | 1000 | 250 |
| | ആകെ കുറവ് | | | | 3750 |

മേൽ പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാൻ കുറവ് വന്നതുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല

2015-16 വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതി ഇനത്തിൽ 2015-16 വർഷാന്ത്യത്തിൽ 40,66378 രൂപ യുടെ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നുണ്ട്.വസ്തു നികുതി സംബന്ധിച്ച് സഞ്ജയ സോഫ്റ്റ്വെയറിൽ നിന്നുള്ള ഡിമാന്റ് രജിസ്റ്റർ , അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വസ്തു നികുതി കളക്ഷൻ സഞ്ജയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന പ്രവർത്തി തുടർന്നുവരികയാണെന്നും എത്രയും പെട്ടെന്ന് പൂർത്തിയാക്കി രജിസ്റ്റർ തയ്യാറാക്കുന്നതാണ് എന്നാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

ആയത് പൂർത്തിയാക്കി ,വസ്തു നികുതി സംബന്ധിച്ച് മുഴുവൻ രേഖപ്പെടുത്തലുകളും കൃത്യമാക്കി ഡിമാന്റ് രജിസ്റ്റർ , അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 2-6 വാടക പിരിവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിന് ഓഡിറ്റോറിയത്തിൽ നിന്നുള്ള വാടക ക്ക് പുറമെ,വാർഷിക കണക്കുകൾ പ്രകാരം വാടക ഇനത്തിൽ 8320 രൂപ വരവ് വന്നിട്ടുണ്ട്.എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം(നം.8) വഴി ആവ്ശ്യപ്പെട്ടുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അധിക സബ്സിഡി നൽകിയ 21475 രൂപ ഈടാക്കേണ്ടതാണ്

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരമുള്ള തുകയേക്കാൾ അധികം തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1) പ്രൊജക്ട് : ഗ്രോ ബാഗ് പച്ചക്കറി കൃഷി വ്യാപനം

പ്രൊജക്ട് നമ്പർ : 35

അടങ്കൽ : 70,000

ചെലവ് : 25,000

ഗ്രോ ബാഗ് പച്ചക്കറി തൈ വിതരണവുമായി ബന്ധപെട്ട് തൈ യൂണിറ്റ് ഒന്നിന് 2000 രൂപ പ്ലാൻ ഫണ്ടും 500 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ ആകെ 2500 രൂപ നിരക്കിൽ 10 ഗുണഭോക്താക്കൾക്കായി 25,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഗ്രോ ബാഗിന് പരമാവധി 20 രൂപ ക്രമത്തിൽ സ്ഥലവിസ്തൃതി കണക്കിലെടുത്ത് പരമാവധി 25 ഗ്രോബാഗ് നൽകാം.(20*25=500 രൂപ).എന്നാൽ പ്രസ്തുത പ്രൊജക്ടിൽ ഒരു കർഷകന് 2000 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്.

ആയതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച 15,000 (1500*10) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) പ്രൊജക്ട് : കുരുമുളക് തൈ വിതരണം-ജനറൽ

പ്രൊജക്ട് നമ്പർ : 20

അടങ്കൽ : 68,000 ( പ്ലാൻ-51,000 ഗു.വി.17,000 )

ചെലവ് : 36,000 ( പ്ലാൻ-27,000 ഗു.വി. 9,000 )

കുരുമുളക് തൈ വിതരണം എന്ന പ്രൊജക്ടുമായി ബന്ധപെട്ട് ഒരു ഗുണഭോക്താവിന് 3000 രൂപ ക്രമത്തിൽ 9 പേർക്ക് 27000 രൂപ ചെലവാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരാൾക്ക് നൽകാവുന്ന പരമാവധി ധനസഹായം 2500 രൂപയാണ്. ഈയിനത്തിൽ അധികം ചെലവഴിച്ച 4500 (9*500) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3) പ്രൊജക്ട് : ചെറുനാരകതൈ വിതരണം

പ്രൊജക്ട് നമ്പർ : 34

അടങ്കൽ : 1,05,000 ( CFC-78,750

ഗു.വി.-26,250 )

ചെലവ് : 15,000( പ്ലാൻ-11,250 ഗു.വി. 3,750 )

ചെറുനാരകതൈ വിതരണം എന്ന പ്രൊജക്ടുമായി ബന്ധപെട്ട് ഗോപാലകൃഷ്ണൻ s/o വിജയൻ, ചെള്ളുപറമ്പിൽ വീട്, ആനക്കട്ടി എന്നവർക്ക് 150 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ഒരു എണ്ണത്തിന് 30 രൂപ ക്രമത്തിൽ 150 എണ്ണത്തിന് 4500 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം 1125 കഴിച്ച് 3375 രൂപ കൊടുത്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരാൾക്ക് നൽകാവുന്ന പരമാവധി ധനസഹായം 2500 രൂപയാണ്. ഈയിനത്തിൽ അധികം നൽകിയ 875 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

4) പ്രൊജക്ട് : തെങ്ങിൻ തൈ വിതരണം

പ്രൊജക്ട് നമ്പർ : 33

അടങ്കൽ : ( 84,000 ടി.എസ്.പി-63,000

ഗു.വി.-21000 )

ചെലവ് : 37963 ( ടി.എസ്.പി -28,463

ഉ.വി.-9,500 )

തെങ്ങിൻ തൈ വിതരണം എന്ന പ്രൊജക്ടുമായി ബന്ധപെട്ട് രങ്കമ്മ പാപ്പാൻ, ലക്ഷം വീട് കോളനി എന്നവർക്ക് 64 തെങ്ങിൻ തൈ വിതരണം ചെയ്തതിന് പ്ലാൻ ഫണ്ടിൽ നിന്നും ഒരു തൈക്ക് 56.25 രൂപ ക്രമത്തിൽ 3600 രൂപ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരാൾക്ക് നൽകാവുന്ന പരമാവധി ധനസഹായം 2500 രൂപയാണ്. ഈയിനത്തിൽ അധികം നൽകിയ 1100രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ അപാകതകളെ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം ( 7/1.12.16) നൽകിയെങ്കിലും തൃപ്തികരമായ വിശദീകരണം ലഭിച്ചില്ല. ആയതിനാൽ ആകെ അധികം നൽകിയ തുകയായ 21475 രൂപ ( 15000+4500+875+1100) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ബിൽ, ക്വട്ടേഷൻ എന്നിവയിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികരിച്ച് തുക നൽകിയിരിക്കുന്നു.അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്

താഴെപ്പറയുന്ന പ്രവൃത്തിയിൽ ബിൽ, ക്വട്ടേഷൻ എന്നിവയിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികരിച്ച് തുക നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | തുവ ഊര് ബോർവെൽ അറ്റകുറ്റപ്പണി |
| അടങ്കൽ, ഫണ്ട് ഇനം | 92793 രൂ. പദ്ധതി ഫണ്ട്(ടി.എസ്.പി) |
| എഗ്രിമെന്റ് നം,തീയ്യതി | 102/15-16 Dt.22-2-16 |
| കൺവീനർ | മയിൽ സ്വാമി |
| പ്രവൃത്തി മൂല്യം | 92793 |
| എം.ബുക്ക് | 66/15-16 |
| ബിൽ നം.തീയ്യതി, തുക | 78/15-16/ 31-3-2016/ 92793 |

മേല്പറഞ്ഞ പ്രവൃത്തിയിൽ നാല് ഇനങ്ങളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ആയതിലെ ഒരിനമായ Supplying And Fixing 3HP Submersible Motor including Panel Board etc. എന്ന ഇനത്തിന് 43800രൂ. ആണ് നൽകിയിട്ടുള്ളത്. എന്നാൽ ഫയലിനൊപ്പമുള്ള ബിൽ, ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ എന്നിവയിൽ രേഖപ്പെടുത്തിയ തുക 43000രൂ. മാത്രമാണ്. (Bill No. 18/17-2-2016 – വെൽ ടെക് ഇലക്ട്രിക്കൽസിന്റെ).ആയതിനാൽ അധികം നൽകിയ 800രൂ. കൺവീനറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

കൂടാതെ, എസ്റ്റിമേറ്റ് പ്രകാരം supplying and fixing pvc tank (4500 litre) എന്ന ഇനത്തിന് 38700രൂ. ആണ് രേഖപ്പെടുത്തിയത്. എന്നാൽ എം. ബുക്കിൽ 5000 litre ടാങ്കിന് 43000രൂ. ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.മരാമത്ത് പ്രവൃത്തികളിൽ ഒരിനത്തിന് 25% ൽ അധികം കൂടുതൽ അളവ് രേഖപ്പെടുത്തി തുക നൽകണമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

ടി.എസ്.പി. പദ്ധതിയായ ടി പ്രവൃത്തിക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

ബോർവെൽ അറ്റകുറ്റപ്പണി എന്നാണ് പ്രോജക്ട് എങ്കിലും ബോർവെല്ലിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള യാതൊരു ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ കാരണങ്ങളാൽ നിരാകരിച്ച 800രൂ. ഒഴികെയുള്ള ചെലവ് തുകയായ 91993രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

# 3-3 ജലനിധിയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളിൽ റിപ്പയർ പ്രവൃത്തികൾക്ക് പഞ്ചായത്തിൽ നിന്നും ചെലവ് ചെയ്തിരിക്കുന്നു. ചെലവ് തുക നിരാകരിക്കുന്നു.

വൌച്ചർ നം. 21500248/ 30-7-2015പ്രകാരം പെപ്പ് ലൈൻ റിപ്പയർ പ്രവൃത്തികൾക്ക് 5000രൂ. ചെലവഴിച്ചിട്ടുണ്ട്. ശ്രീ. ഗോപാലസ്വാമി എന്ന വ്യക്തിക്കാണ് തുക നൽകിയിരിക്കുന്നത്. ജലനിധി കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതിയിലെ റിപ്പയർ പ്രവൃത്തികൾക്ക് പഞ്ചായത്തിൽ നിന്ന് തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ ചെലവ് തുക 5000രൂ. നിരാകരിക്കുന്നു.

# 3-4 കേസുകളുടെ നടത്തിപ്പിന് അധികം തുക നൽകിയിരിക്കുന്നു. അധികം ചെലവ് ചെയ്ത തുക തടസ്സത്തിൽ വെയ്ക്കുന്നു.

വൌച്ചർ നം. 21500251/ 30-7-2015പ്രകാരം അഭിഭാഷക ഫീസ് ഇനത്തിൽ 15000രൂ. നൽകിയിട്ടുണ്ട്. 3 കേസുകളുടെ നടത്തിപ്പിന് ആയി തുക നൽകിയതാണ് എന്ന് വൌച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം അഭിഭാഷക ഫീസ് ഒരു കേസിന് പരമാവധി 3000രൂ. ആയി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിന് മുകളിൽ ചെലവഴിക്കണമെങ്കിൽ ഭരണസമിതിയുടെ തീരുമാന പ്രകാരം മാത്രം ആയിരിക്കണം. മേല്പറഞ്ഞ ഫീസ് നൽകിയതിന് ടി

നിബന്ധനകൾ പാലിച്ചിട്ടില്ല.

കൂടാതെ തുക നൽകിയത് സംബന്ധിച്ച് Receipt ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അധികം ചെലവ് തുക 6000രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

താഴപ്പറയുന്നവയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ( തുക നൽകിയിരിക്കുന്ന അതോറിറ്റിയിൽ നിന്നും) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .

| ട്രഷറി ബിൽ നം./തീയ്യതി | തുക(രൂ) | പ്രവൃത്തിയുടെ പേര് | തുക നൽകപ്പെട്ട അതോറിറ്റി/ വ്യക്തി |
|---|---|---|---|
| 28/15-16 /31-3-2016 | 300000 | ഐ.എ.വൈ. വീട് നിർമാണം(എസ്.സി.പി) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അട്ടപ്പാടി ബ്ലോക്ക് |
| 29/15-16 /31-3-2016 | 2550000 | ഐ.എ.വൈ. വീട് നിർമാണം(ടി.എസ്.പി) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അട്ടപ്പാടി ബ്ലോക്ക് |
| 32/15-16 /31-3-2016 | 250000 | ഐ.കെ.എം.വിഹിതം നൽകിയത് | ഐ.കെ.എം. |
| 15/15-16 /16-2-16 | 52500 | സൂപ്പർവിഷൻ ചാർജ് | KSEB |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/1-12-2016ന് മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 3152500 രൂ. തടസ്സപ്പെടുത്തുന്നു.

## 3-6 നിശ്ചിത സമയത്ത് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.പിഴ ഈടാക്കേണ്ടതാണ്.

ട്രഷറി ബിൽ നമ്പർ നം. 33/15-16/31-3-2016പ്രകാരം ബോർഡുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് 212054രൂ. നൽകിയിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ട് നം. 83/16(ഒറിജിനൽ പ്രോജക്ട് 4/2014)പ്രകാരമുള്ള ഈ പ്രവൃത്തിയുടെ എഗ്രിമെന്റ് 3-3-14ൽ കോൺട്രാക്ടറായ ശ്രീ.കനകരാജ് പഞ്ചായത്ത് സെക്രട്ടറിയുമായി ഒപ്പുവെച്ചിട്ടുള്ളതാണ്. ഏകവർഷ പ്രോജക്ട് ആയ ടി പ്രവൃത്തി 31-3-2014ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ ടി പ്രവൃത്തി 28-3-2016ന് ആണ് പൂർത്തിയാക്കിയിട്ടുള്ളത്. എന്നാൽ അനുവദനീയമായ സമയത്തിൽ കൂടുതൽ കാലയളവ് എടുത്ത് പ്രവൃത്തി പൂർത്തീകരിച്ചിട്ടും നിയമാനുസൃതം

ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/1-12-2016ന് മറുപടിയായി കരാറുകാരനിൽ നിന്നും ടി തുക ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്.

## 3-7 തുക അടവാക്കിയത് സംബന്ധിച്ച രസീതി,വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

ട്രഷറി ബിൽ നം. 13/15-16/20-1-2016പ്രകാരം 314927രൂപയും ട്രഷറി ബിൽ നം. 22/15-16/22-2-2016 പ്രകാരം 85000 രൂപയും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ, ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.(പ്രോജക്ട് നം. 180/16). ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

-----314927രൂ. അടവാക്കിയത് സംബന്ധിച്ച രസീതി പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

------മേല്പറഞ്ഞ പ്രവൃത്തിയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/1-12-2016ന് മറുപടിയായി വിനിയോഗ സാക്ഷ്യപത്രം,രസീതി എന്നിവ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഹാജരാക്കുന്നതുവരെ ചെലവ് തുക 314927 രൂ. തടസ്സപ്പെടുത്തുന്നു.

## 3-8 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മുമ്പ് നിയമാനുസൃതമായി ചെയ്യേണ്ട കാര്യങ്ങൾ നിർവ്വഹിച്ചിട്ടില്ല.ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

ട്രഷറി ബിൽ നം. 23/15-16/ 29-2-2016പ്രകാരം 85050രൂ. പഞ്ചായത്ത് വാഹനം അറ്റകുറ്റപ്പണികൾ നടത്തിയതിന് നൽകിയിട്ടുണ്ട്.(പ്രോജക്ട് നം.222/16). പാലക്കാടുള്ള Eram Motors Private Ltd. എന്ന സർവ്വീസ് സെന്ററിന്റെ റീട്ടെയ്ൽ ഇൻവോയ്സ് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

----വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മുമ്പ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തി മതിപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

------വാഹനങ്ങൾക്ക് 10000രൂപയുടെ മേൽ ചെലവ് വരുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ക്വട്ടേഷൻ നടപടികൾ പാലിക്കേണ്ടതാണ്. എന്നാൽ മേല്പറഞ്ഞ

പ്രവൃത്തിയിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/1-12-2016ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവ് തുക 85050രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 രസീതി, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് : നായ്ക്കളുടെ പ്രജനന നിയന്ത്രണവും വളർത്തുനായ്ക്കളുടെ പ്രതിരോധകുത്തിവെയ്പ്പും

പ്രൊജക്ട് നമ്പർ : 200/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

അടങ്കൽ : 3,50,000 (പ്ലാൻ-ജനറൽ )

ചെലവ് : 3,50,000

ബിൽ നമ്പർ 6/15-16 തീയ്യതി 19.03.16 പ്രകാരം 3,50,000 രൂപ നായ്ക്കളുടെ പ്രജനന നിയന്ത്രണവും വളർത്തുനായ്ക്കളുടെ പ്രതിരോധകുത്തിവെയ്പ്പും എന്ന പ്രൊജക്ടിന് വേണ്ടി പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (2/1.12.16) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,50,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - അധിക തുക തിരിച്ചടക്കേണ്ടതാണ്.

പ്രൊജക്ട് : പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

പ്രൊജക്ട് നമ്പർ : 79/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

അടങ്കൽ : 6,25,000 (പ്ലാൻ-ജനറൽ )

ചെലവ് : 6,25,000

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി എന്ന പ്രൊജക്ടിന് ബിൽ നമ്പർ 3/15-16 dt 17.10.16 പ്രകാരം 6,25,000 രൂപ (ഡി.ഡി. നമ്പർ 884316/21.10.15) അസിസ്റ്റന്റ് ഡയറക്ടർക്ക് (കാഫ്ഫീഡ് സബ്സിഡി പ്രോഗ്രാം) നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഒരു ഗുണഭോക്താവിന് 6250 രൂപ ക്രമത്തിലാണ് 100 ഗുണഭോക്താക്കൾക്ക് 6,25,000 രൂപ നൽകിയത്. എന്നാൽ 33 ഗുണഭോക്താക്കളെ മാത്രമേ എൻറോൾ ചെയ്തതായി

കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (2/1.12.16) നൽകിയതിന് അധികമായി നൽകിയ തുക തിരിച്ചടക്കാൻ അസിസ്റ്റന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. ആയത് ലഭ്യമാകുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 6,25,000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-11 ഭവനപുനരുദ്ധാരണം - വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രൊജക്ട് : ഭവനപുനരുദ്ധാരണം

പ്രൊജക്ട് നമ്പർ : 29/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ ( മട്ടത്തുകാട്, കോട്ടമല)

അടങ്കൽ : 3,00,000 (പ്ലാൻ-ജനറൽ )

ചെലവ് : 2,87,500

ഭവനപുനരുദ്ധാരണം എന്ന പ്രൊജക്ടിൽ ( 29/16) ബിൽ നമ്പർ 14/15-16 dt 19.1.16 പ്രകാരം മാറിയ ബില്ലിൽ ശ്രീമതി. രാധാമണി w/o മണി, മേനോൻ വീട്, മിനർവ്വ എന്നവർക്ക് ചെക്ക് നമ്പർ 885529/27.01.16 പ്രകാരം 25,000 രൂപ നല്കിയിട്ടുണ്ട്. ആയതിൽ പ്രസ്തുത ഗുണഭോക്താവ് ഭവനറിപ്പയർ നടത്തിയതിന്റെ വാല്യുവേഷൻ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/2.12.16) വാല്യുവേഷൻ ഹാജരാക്കാമെന്ന മറുപടിയാണ് ലഭിച്ചത്. വാല്യുവേഷൻ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 25,000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-12 ഐ.എ.വൈ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

(A) പ്രൊജക്ട് : ഐ.എ.വൈ ഭവനപദ്ധതി

പ്രൊജക്ട് നമ്പർ : 24/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ ( മട്ടത്തുകാട്, കോട്ടമല)

അടങ്കൽ : 6,80,000 (പ്ലാൻ-ജനറൽ )

ചെലവ് : 6,80,000

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി IAY വിഹിതമായി (2015-16) 6,80,000 രൂപ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, അട്ടപ്പാടിക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (10/2.12.16) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 6,80,000 രൂപ തടസ്സത്തിൽ വെക്കുന്നു.

(B) പ്രൊജക്ട് : ഐ.എ.വൈ ഭവനപദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി IAY വിഹിതമായി താഴെ പറയും പ്രകാരം തുകകൾ അട്ടപ്പാടി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ | പ്രൊജക്ട് നമ്പർ | തുക | തീയ്യതി |
|---|---|---|---|---|
| 1 | 3/15-16 | 92 | 17,22,500 | 22.01.16 |
| 2 | 4/15-16 | 91 | 1,20,000 | 22.01.16 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (11/2.12.16) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല . ആയത് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 3-13 ആശ്രയ പദ്ധതി - ക്വട്ടേഷൻ വിളിക്കാതെ തുക ചെലവഴിച്ചു

പ്രൊജക്ട് : ആശ്രയപദ്ധതി-വസ്തുങ്ങളുടെ വിതരണം

പ്രൊജക്ട് നമ്പർ : 101/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 1,60,000 (പ്ലാൻ-ജനറൽ )

ചെലവ് : 1,30,000

ആശ്രയപദ്ധതി - വസ്തുങ്ങളുടെ വിതരണം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് 1,30,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന് ഷോളയൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ ബില്ലാണ് (ടിൻ നമ്പർ ഇല്ല) ഉള്ളത്. പ്രസ്തുത പ്രൊജക്ടിന് ക്വട്ടേഷൻ/ടെണ്ടർ വിളിച്ചിട്ടില്ല. വസ്തുങ്ങൾ ആർക്കെല്ലാം വിതരണം ചെയ്തു എന്നത് സംബന്ധിച്ചും രേഖകൾ ഇല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (11/2.12.16) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,30,000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-14 സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതുന്നില്ല

ഐ.സി.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗൻവാടികളിലേക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ, ടി.എച്ച് .ആർ.എസ്., സബല മുതലായവ സ്റ്റോക്കിലെടുക്കുന്ന രജിസ്റ്ററിൽ ബിൽ നമ്പർ, വാങ്ങുന്ന സ്ഥാപനത്തിന്റെ പേര്, തീയ്യതി മുതലായവ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

താഴെ പറയുന്ന ബിൽ നമ്പർ പ്രകാരം വാങ്ങിയ ചെറുപയർ സ്റ്റോക്കിലെടുത്തതിൽ വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | ബിൽ പ്രകാരം അളവ് | സ്റ്റോക്കിലെടുത്ത അളവ് | കുറവ് | ഒരു കി.ഗ്രാം വില | നഷ്ടം |
|---|---|---|---|---|---|---|
| 1 | 151024/ 21.8.15 | 935 kg | 835 kg | 100 | 80 | 100*80= 8000 |

സ്റ്റോക്കിലെടുത്തതിൽ വ്യത്യാസം വന്ന ചെറുപയറിന്റെ വിലയായ 8000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-15 അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൺവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗൺവാടികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ സംവിധാനം 2014-15 ൽ ഗ്രാമപഞ്ചായത്തിലെ അംഗൺവാടികളിൽ നടന്നിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൺവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ പറഞ്ഞ സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-16 ആട് വളർത്തൽ - ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് : ആട് വളർത്തൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

ആട് വളർത്തൽ എന്ന പ്രൊജക്ടിന് വേണ്ടി 2015-16 ൽ താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 172 | ആട് വളർത്തൽ- TSP (2014-15) | 2,81,000 | 2,73,000 |
| 2 | 174 | ആട് വളർത്തൽ- (2014-15) | 3,15,000 | 1,80,000 |

മേൽ പരാമർശിച്ച പ്രകാരം വാങ്ങിയ ആട്ടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (2/1.12.16) നൽകിയെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല. ആയത് ഹാജരാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

പ്രൊജക്ട് : ഭവനനിർമ്മാണം (വനിത)

പ്രൊജക്ട് നമ്പർ : 31/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ ( മട്ടത്തുകാട്, കോട്ടമല)

അടങ്കൽ : 5,20,000 (പ്ലാൻ-ജനറൽ )

ചെലവ് : 1,60,000

ഭവനനിർമ്മാണം എന്ന പ്രൊജക്ടിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | നല്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | അൽഫോൺസ w/o ആൽബർട്ട്, കോട്ടത്തറ | 20,000 (DD No-722370/27.3.14) | 1,80,000 |
| 2 | സരിതw/o രജീഷ് പെട്ടിക്കൽ | 20,000 (DD No-065141/13.5.14) | 1,80,000 |

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ഉടൻ പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-18 ഒഴിവാക്കി

# 3-19 അംഗൻവാടികളിലേക്ക് ഉപകരണങ്ങളും കളികോപ്പും വാങ്ങൽ -പ്രൊജക്ടിലെ അപാകതകൾ-

പ്രൊജക്ട് : അംഗൻവാടികളിലേക്ക് കളികോപ്പും ഉപകരണങ്ങളും വാങ്ങൽ

പ്രൊജക്ട് നമ്പർ : 179

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ : 8,10,000

ചെലവ് : 3,48,678

അംഗൻവാടികളിലേക്ക് കളികോപ്പും ഉപകരണങ്ങളും വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 3,48,678 രൂപ കെ.പി.എം. സ്റ്റോർ, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊജകട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു

1) 3 സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ വിളിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കേരള ആർട്ടിസെൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കാട് എന്ന സ്ഥാപനം ടെണ്ടർ ഫോറം വില അടച്ചിട്ടില്ല.

2) 2 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ക്വട്ടേഷൻ വിളിച്ചിരിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ- മാർഗരേഖ പ്രകാരം (ജി.ഒ(പി)259/10/08.11.2010) 25000/- മുകളിൽ മതിപ്പ് വിലയുള്ള പർച്ചേസുകൾക്ക് ഓപ്പൺടെൺഡർ അല്ലെങ്കിൽ ലിമിറ്റഡ് ടെൺഡർ -ക്ഷണിക്കേണ്ടതാണ് കുറഞ്ഞത് 8-10 പേരിൽ നിന്നും ടെൺഡർ ക്ഷണിക്കണം,4-6 വരെ ടെൺഡർ ലഭിക്കണം.14 ദിവസത്തെ സമയം നൽകണം. മേൽ വ്യവസ്ഥകൾ പാലിച്ചില്ല.നിയമാനുസൃതം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതായും കാണുന്നില്ല. കൂടാതെ കരാറുകാരനുമായുള്ള എഗ്രിമെന്റ്, വാരന്റി, എ.എം.സി തുടങ്ങിയവ സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ലഭ്യമായില്ല.

സർക്കാർ സ്ഥാപനങ്ങളിലേക്ക് സാധന സാമഗ്രികൾ വാങ്ങുമ്പോൾ സർക്കാർ മാർഗരേഖ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 ഒഴിവാക്കി

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 4,00,000 | 3,99,927 | - | - |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-

ഇല്ല

4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. -ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS, ഭവന പദ്ധതി | G.O.2095/2010/ L.S.G.D. 24-6-2010 | 31042500 | 13482907 | 3500000 | 1069800 | 9982907 |

4-5സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6ഓഡിറ്റ് റിക്കവറി

ഇല്ല.

4-7സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23-ാം പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2004-05 | 2010-11<br>3-1 | അധിക തുക കൈപറ്റിയത് | തീർപ്പാക്കി |
| 2011-12 | 2013-14<br>121,125 | അംഗൻവാടി പോഷകാഹാരം | |

4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിൽ പ്രാഥമിക ആരോഗ്യകേന്ദ്രം ഷോളയൂർ, ആയുർവ്വേദ ആസ്പത്രി എന്നിങ്ങനെ രണ്ട് സർക്കാർ ആസ്പത്രികളാണ് ഉള്ളത്. ഇവയിൽ നിന്ന് ചാർട്ടേഡ് അക്കൌണ്ടൻ്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്ത അക്കൌണ്ടുകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

4-9. ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53858437 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113594348 |
| വരവിനങ്ങളിലുള്ള നഷ്ടം | 3750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5368477 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവിനങ്ങളിലുള്ള നഷ്ടം | ചെലവിനങ്ങളിലുള്ള നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-4 | 3750 | | സി.വി.ചന്ദ്രലാൽ , സെക്രട്ടറി |
| 3-1 | | 15000 | സി,ഡി. സന്തോഷ് ,കൃഷി ഓഫീസർ |
| 3-2 | | 800 | ചന്ദ്രൻ .കെ, അസി. എഞ്ചിനിയർ |
| 3-3 | | 5000 | സി.വി.ചന്ദ്രലാൽ , സെക്രട്ടറി |
| 3-14 | | 8000 | അന്നപൂർണി .കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

തടസ്സപ്പെടുത്തിയ തുകകൾ

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 6000 | സി.വി.ചന്ദ്രലാൽ , സെക്രട്ടറി |
| 3-5 | 3152500 | സി.വി.ചന്ദ്രലാൽ , സെക്രട്ടറി |
| 3-7 | 314927 | സി.വി.ചന്ദ്രലാൽ , സെക്രട്ടറി |
| 3-8 | 85050 | സി.വി.ചന്ദ്രലാൽ , സെക്രട്ടറി |
| 3-9 | 350000 | ആർ രാമസ്വാമി, വെറ്റിനറി സർജൻ |
| 3-10 | 625000 | ആർ രാമസ്വാമി, വെറ്റിനറി സർജൻ |
| 3-11 | 25000 | റീജ, വി.ഇ.ഓ |
| 3-12 | 680000 | റീജ, വി.ഇ.ഓ |
| 3-13 | 130000 | വി.ഗിരീഷ്, അസി. സെക്രട്ടറി |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.വി.ചന്ദ്രലാൽ , സെക്രട്ടറി | സെക്രട്ടറി, ഷോളയൂർ ഗ്രാമപഞ്ചായത്ത് | |
| സി,ഡി. സന്തോഷ് ,കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഷോളയൂർ ഗ്രാമപഞ്ചായത്ത് | |
| ചന്ദ്രൻ .കെ, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, ഷോളയൂർ ഗ്രാമപഞ്ചായത്ത് | |
| അന്നപൂർണി .കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽഎഫ്.പി(13)1768/08/13.5.10 | മുഴുവൻ | |
| 1996-97 | എൽ.എഫ്.പി13)1769/08/13.5.10 | മുഴുവൻ | |
| 1997-98 | എൽ.എഫ്.പി13)1770/08/13.5.10 | മുഴുവൻ | |
| 1998-99 | എൽ.എഫ്.പി13)1771/08/13.5.10 | മുഴുവൻ | |
| 1999-00 | എൽ.എഫ്.പി13)1772/08/13.5.10 | മുഴുവൻ | |
| 2000-01 | എൽ.എഫ്.പി13)1773/08/13.5.10 | മുഴുവൻ | |
| 2001-02 | എൽ.എഫ്.പി13)1774/08/13.5.10 | മുഴുവൻ | |
| 2002-03 | എൽ.എഫ്.പി22/948/14 /18.11.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി22/949/14 /18.11.14 | മുഴുവൻ | -ടി- |
| 2004-05 | എൽ.എഫ്.പി22/950/14 /17.11.14 | മുഴുവൻ | -ടി- |
| 2005-06 | എൽ.എഫ്.പി22/2014/ 7.11.14 | മുഴുവൻ | -ടി- |
| 2006-07 | എൽ.എഫ്.പി22/952/14 /17.11.14 | മുഴുവൻ | -ടി- |
| 2007-08 | എൽ.എഫ്.പി22/953/14 /7.8.14 | മുഴുവൻ | -ടി- |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.പി22/954/14 /7.8.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2009-10,<br>2010-11 | എൽ.എഫ്.പി22/955/14 /15.12.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി22/1084/15 /14.7.15 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2012-13 | നം.എൽ.എഫ്.പി22/639 /2015/11-8-15 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2013-14<br>&<br>2014-15 | നം.കെ.എസ്.എ.പി.കെ.ഡി22/1430 /16/9-8-16 | മുഴുവൻ | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA-PKD24/226/2017

Kerala State Audit Department
District Audit Office
Palakkad
Date – 28.01.2017

CERTIFICATE

Certified that I have examined the Annual Financial Statement of SHOLAYUR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions

in my opinion the financial statements of SHOLAYUR GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

SHOLAYUR GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

2. Budget is not prepared on function -fuctionary basis.

3. The figures shown as the arrear & current balance of property tax, professionta, D&O & water tax in AFS (2015-16) are not in agreement with the figures shown in DCB statement and Sanchaya Software.

4. Reconcilation of bank account & Treasury account is not prepared.

Deputy Director

നം.കെ.എസ്.എ-പികെഡി24/226/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 28.01.2017

സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഷോളയൂർ ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഷോളയൂർ ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

3വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി,തൊഴിൽ നികുതി, വെള്ളക്കരം, ഡി & ഒ എന്നിവയുടെ തൻ വർഷ തുകകളും കുടിശ്ശിക തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ റിക്കൺസലിയേഷൻ നടത്തിയിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ